# കേരള സർക്കാർ
# പൊതുപരീക്ഷാ വിഭാഗം

## സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ
## (എൽ.എസ്.എസ്. പരീക്ഷ)
## ഫെബ്രുവരി 2026

# വിജ്ഞാപനം

പരീക്ഷാ കമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12

നം.ഇ.എക്സ്/എച്ച്-1/46872/2025/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി : 22/12/2025

## വിജ്ഞാപനം

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാ ഭവൻ - 2025-26 അധ്യയന വർഷത്തെ സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1) G.O (RT) No.105/2011/പൊ.വി.വ. തീയതി 06/01/2011.
2) G.O.(RT) No. 5662/2015. തീയതി: 30/11/2015.
3) സ.ഉ. (കൈ) നം. 193/2025/പൊ.വി.വ., തീയതി 20/12/2025.

മേൽ സൂചന (3) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് 2025 - 2026 അദ്ധ്യയന വർഷം മുതൽ എൽ.എസ്.എസ്. പരീക്ഷയുടെ പേര് സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിജ്ഞാപനത്തിൻ തുടർന്ന് സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ എന്നാണ് പരാമർശിക്കുക. പ്രസ്തുത പരീക്ഷ താഴെപ്പറയും പ്രകാരം നടത്തുന്നതാണ്.

| പരീക്ഷയുടെ പേര് | തീയതി | സമയം |
|---|---|---|
| സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ | 26/02/2026 വ്യാഴം | പേപ്പർ I രാവിലെ 10.00 മുതൽ 12.00 മണി വരെ<br>പേപ്പർ II - ഉച്ചക്ക് 1.30 മുതൽ 3.30 വരെ |

## സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ

### I സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ്) ഈ അധ്യയന വർഷം (2025-26) നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസര പഠനം എന്നീ വിഷയങ്ങൾക്ക് രണ്ടാം ടേമിൽ **വികാസപ്രദ വിലയിരുത്തലിലും (Formative Assessment-II) ആത്യന്തിക വിലയിരുത്തലിലും (Summative Assessment-II) 'എ' ഗ്രേഡ്** നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾ ഈ പരീക്ഷയെഴുതാൻ യോഗ്യരാണ്.
- മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ മാത്രം **'ബി' ഗ്രേഡ്** ആയ കുട്ടികൾ **ഉപജില്ലാതല ശാസ്ത്രോത്സവം, കലാ-കായിക-പ്രവൃത്തി പരിചയ ഗണിത സോഷ്യൽ സയൻസ് വിദ്യാരംഗ മേളകളിൽ ഏതെങ്കിലും ഒരു ഇനത്തിൽ 'എ' ഗ്രേഡോ/'ബി' ഗ്രേഡോ/ഒന്നാം**

**സ്ഥാനമോ** നേടിയിട്ടുണ്ടെങ്കിൽ അവർക്കും പരീക്ഷ എഴുതാവുന്നതാണ്.

- ➢ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (CWSN), SC/ST/OEC കുട്ടികൾ എന്നിവർക്ക് ഏതെങ്കിലും രണ്ട് വിഷയങ്ങളിൽ 'എ' ഗ്രേഡും മറ്റ് രണ്ട് വിഷയങ്ങളിൽ 'ബി' ഗ്രേഡും ആണെങ്കിലും അവരും പരീക്ഷ എഴുതുവാൻ യോഗ്യരായിരിക്കും.
- ➢ ഈ പരീക്ഷയ്ക്ക് കുട്ടികൾ ഫീസ് അടയ്ക്കേണ്ടതില്ല. അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർ ഓൺലൈനായി 30/12/2025 മുതൽ 15/01/2026 വരെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

| |
|---|
| നോട്ട് - രജിസ്ട്രേഷൻ സമയത്ത് കുട്ടികളുടെ വിവരങ്ങൾ (പേര്, ജനന തീയതി, മറ്റ് വിവരങ്ങൾ) പരിശോധിച്ച് കൃത്യമാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. |

**സാങ്കേതികവിവരങ്ങൾക്ക്-0471-2546832,0471-2546833**

ഇ-മെയിൽ : **lssusshelpdesk@gmail.com**

## മറ്റുനിർദ്ദേശങ്ങൾ

- ➢ വികാസപ്രദ വിലയിരുത്തൽ വിദ്യാലയത്തിൽ കൃത്യമായി സൂക്ഷിക്കണം.
- ➢ യോഗ്യത നേടിയ കുട്ടികളുടെ വിലയിരുത്തൽ (SA-II, FA-II) രേഖകൾ ഒരു വർഷത്തേക്ക് സ്കൂളുകളിൽ സൂക്ഷിക്കേണ്ടതാണ്.
- ➢ പരീക്ഷ എഴുതാൻ യോഗ്യത നേടിയ കുട്ടികളുടെ വിവരങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിലും ക്ലാസ് ഗ്രൂപ്പുകളിലും നൽകി രക്ഷിതാക്കളെ അറിയിക്കേണ്ടതാണ്.
- ➢ പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡം കർശനമായി പാലിക്കുന്നുവെന്ന് പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ഉറപ്പ് വരുത്തേണ്ടതാണ്.

## 1. പരീക്ഷയുടെ സിലബസും സ്വഭാവവും

- ❖ സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയ്ക്ക് 2025-26 അധ്യയനവർഷത്തെ നാലാം ക്ലാസ്സിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച **സ്കീം ഓഫ് വർക്ക് അനുസരിച്ച് ജനുവരി 31 ന്** പൂർണ്ണമായി തീരുന്ന പാഠഭാഗങ്ങളായിരിക്കും ഉൾപ്പെടുത്തുക.
- ❖ നാലാം ക്ലാസ്സിലെ അധ്യാപക സഹായിയിൽ നിഷ്ക്കർഷിച്ചിട്ടുള്ള പഠന ലക്ഷ്യങ്ങൾ, ആശയങ്ങൾ, ധാരണകൾ, ശേഷികൾ, നൈപുണികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങളാണ് സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയക്ക് ഉണ്ടാവുക.
- ❖ വിവരണാത്മക ചോദ്യങ്ങളിൽ വിശദമായി ഉത്തരമെഴുതേണ്ട ചോദ്യങ്ങളും, ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങളും ഉണ്ടായിരിക്കും.
- ❖ ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ടവയും ഉയർന്ന ശേഷികൾക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കും
    - ○ ആശയ സ്വാംശീകരണം (Conceptual Clarity)
    - ○ അറിവുകളെ വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനുള്ള ശേഷി (Application Skill)
    - ○ വിശകലനാത്മക ചിന്ത (Analytical Thinking)
    - ○ വിമർശനാത്മക ചിന്ത (Critical Thinking)
    - ○ സർഗ്ഗാത്മക ചിന്ത (Creative Thinking)

- ഗണന ചിന്തയും, മാനസിക ശേഷിയും (Computational Thinking £ Mental Ability)
- മൂല്യ മനോഭാവങ്ങൾ (Value/Attitude)
- പരിസര പഠനം, പൊതുവിജ്ഞാനം വിഭാഗങ്ങളിൽ കല, ആരോഗ്യ, കായിക പ്രവൃത്തി പഠനം, കളിപ്പെട്ടി ഉൾപ്പെടെയുള്ള മേഖലകൾ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- എല്ലാ വിഷയങ്ങളുടെയും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ വായനാസാമഗ്രികൾ, തുടർ പ്രവർത്തനങ്ങൾ തുടങ്ങിയവ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- പൊതുവിജ്ഞാന മേഖലയിൽ നിന്നുള്ള ചോദ്യങ്ങളിൽ ആനുകാലിക ഭാഗത്തിൽ നിന്നും 40% ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഈ ചോദ്യങ്ങളിൽ കന്നഡ, തമിഴ് മീഡിയം കുട്ടികൾക്കുകൂടി ഉത്തരമെഴുതാൻ കഴിയും വിധത്തിലായിരിക്കും.
- പൊതുവിജ്ഞാന മേഖലയിൽ ബാക്കിയുള്ള 60% ചോദ്യങ്ങൾ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ വിനിമയം ചെയ്തിട്ടുള്ള തീമുകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും, ഓരോ വർഷവും ഇതിനായി എസ്.സി.ഇ.ആർ.ടി നിർദ്ദേശിക്കുന്ന 3 തീമുകൾ തെരഞ്ഞെടുത്ത് അതാത് അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്.
- 2025-26 അദ്ധ്യയന വർഷത്തിൽ താഴെ പറയുന്ന മേഖലകളിൽ നിന്നുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
  - കേരളം അടിസ്ഥാന വസ്തുതകൾ
  - പക്ഷികൾ
  - ഇന്ത്യൻ സ്വാതന്ത്ര്യ സമരം

## 2. <u>പരീക്ഷയുടെ ഘടന</u>

സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയ്ക്ക് രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ഓരോന്നിന്റേയും ദൈർഘ്യം രണ്ട് മണിക്കൂറാണ്.

**പേപ്പർ (I) : തെരഞ്ഞെടുത്ത പ്രതികരണമുള്ള ചോദ്യങ്ങൾ (Selected Response Items) (സമയം : 10.00 AM മുതൽ 12.00 PM വരെ)**

- ഇതിൽ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനുള്ള സമാശ്വാസ സമയവും പിന്നീടുള്ള ഒന്നേ മുക്കാൽ മണിക്കൂർ ഉത്തരമെഴുതുവാനുള്ള സമയവുമായിരിക്കും.
- പേപ്പർ (I) ഓപ്ഷൻ ടിക്ക് (✓) ചെയ്യാൻ കഴിയും വിധമുള്ള ബുക്ക്ലെറ്റ് പ്രത്യേകമായി നൽകുന്നതാണ്.
- പേപ്പർ (I) ൽ ആകെ 50 ചോദ്യങ്ങളുണ്ടായിരിക്കും ഓരോ ചോദ്യത്തിനും ഒരു സ്കോർ വീതമായിരിക്കും.
- പേപ്പർ (I) ൽ 1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾ ഒന്നാം ഭാഷയിൽ നിന്നുള്ളതും 11 മുതൽ 20 വരെയുള്ള ചോദ്യങ്ങൾ ഇംഗ്ലീഷും 21 മുതൽ 30 വരെയുള്ള ചോദ്യങ്ങൾ ഗണിതവും 31 മുതൽ 40 വരെയുള്ള ചോദ്യങ്ങൾ പരിസരപഠനവും 41 മുതൽ 50 വരെയുള്ള ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽ നിന്നുള്ളതുമായിരിക്കും.
- റോൾ നമ്പർ, നിർദ്ദേശങ്ങൾ മുതലായവ അടങ്ങുന്ന ആദ്യ പേജ് പ്രത്യേകമായി ഉണ്ടാകും.

| വിഷയം | ചോദ്യങ്ങളുടെ എണ്ണം | സ്കോർ |
|---|---|---|
| ഒന്നാംഭാഷ (മലയാളം/കന്നഡ/തമിഴ്) | 10 | 10 |
| ഇംഗ്ലീഷ് | 10 | 10 |
| ഗണിതം | 10 | 10 |
| പരിസരപഠനം | 10 | 10 |
| പൊതുവിജ്ഞാനം | 10 | 10 |
| ആകെ | 50 | 50 |

**പേപ്പർ (II): വിവരണാത്മക ചോദ്യങ്ങൾ (സമയം 1.30 PM മുതൽ 3.30 PM വരെ)**

- ഇതിൽ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനുള്ള സമാശ്വാസ സമയവും പിന്നീടുള്ള ഒന്നേ-മുക്കാൽ മണിക്കൂർ ഉത്തരമെഴുതുവാനുള്ള സമയവുമായിരിക്കും.
- പേപ്പർ (II) ൽ ഓരോ വിഷയത്തിലും പാഠഭാഗവുമായി ബന്ധപ്പെട്ട ഉയർന്ന ശേഷി പരിഗണിച്ചുകൊണ്ടുള്ള വിവരണാത്മക ചോദ്യങ്ങളാണ് ഉൾപ്പെടുത്തുക.
- പേപ്പർ (II) ബുക്ക്ലെറ്റ് രൂപത്തിലുള്ളതും ഓരോ ചോദ്യത്തിനും തൊട്ടുതാഴെ ഉത്തരമെഴുതാൻ സ്ഥലമുള്ളതുമായിരിക്കും.
- പേപ്പർ (II) ൽ ആകെ 6 ചോദ്യങ്ങളാണുണ്ടായിരിക്കുക. ഓരോ ചോദ്യത്തിനും 5 സ്കോർ വീതം ആകെ 30 സ്കോറാണ് ഉണ്ടായിരിക്കുക.
- പേപ്പർ (II) ൽ 1 മുതൽ 2 വരെയുള്ള ചോദ്യങ്ങൾ ഒന്നാംഭാഷയിൽ നിന്നുള്ളതും 3-ാം ചോദ്യം ഇംഗ്ലീഷിലും 4 മുതൽ 5 വരെയുള്ള ചോദ്യങ്ങൾ ഗണിതവും 6-ാം ചോദ്യം പരിസരപഠനവും ആയിരിക്കും.

| വിഷയം | ചോദ്യങ്ങളുടെ എണ്ണം | സ്കോർ |
|---|---|---|
| ഒന്നാംഭാഷ (മലയാളം/കന്നഡ/തമിഴ്) | 2 | 10 (ഓരോ ചോദ്യങ്ങൾക്കും 5 സ്കോർ വീതം) |
| ഇംഗ്ലീഷ് | 1 | 5 |
| ഗണിതം | 2 | 10 (ഓരോ ചോദ്യങ്ങൾക്കും 5 സ്കോർ വീതം) |
| പരിസരപഠനം | 1 | 5 |
| ആകെ | 6 | 30 |

## 3. പരീക്ഷാകേന്ദ്രം

- ഓരോ ഗ്രാമപഞ്ചായത്തിലും ഒരു പരീക്ഷാകേന്ദ്രം ഉണ്ടായിരിക്കും. എന്നാൽ ഒരു കേന്ദ്രത്തിൽ 120 ൽ കൂടുതൽ കുട്ടികൾ പരീക്ഷ എഴുതാനുണ്ടെങ്കിൽ ആ ഗ്രാമപഞ്ചായത്തിൽ മറ്റൊരു കേന്ദ്രം കൂടി അനുവദിക്കും. പരീക്ഷാകേന്ദ്രത്തിന്റെ തിരഞ്ഞെടുപ്പ്, പരീക്ഷാ കേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം തുടങ്ങിയവ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതല ആയിരിക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരീക്ഷാസമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം). നഗര പ്രദേശങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കേന്ദ്രങ്ങൾ ക്രമീകരിക്കും. **പരീക്ഷാ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായതിനുശേഷം പരീക്ഷാ കേന്ദ്രങ്ങൾ മാറ്റുന്നതിനുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

- ഒരു പരീക്ഷാഹാളിൽ 20 കുട്ടികൾ വീതം എന്ന രീതിയിലാവണം റൂമുകൾ ക്രമീകരിക്കേണ്ടത്.
- ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരീക്ഷാകേന്ദ്രമായ സ്കൂളിലെ പ്രഥമാധ്യാപക രായിരിക്കണം ചീഫ് സൂപ്രണ്ട്. അടുത്ത ഗ്രാമപഞ്ചായത്തിലുള്ള മറ്റൊരു വിദ്യാലയത്തിലെ (എൽ.പി.സ്കൂൾ) പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക യായിരിക്കണം ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്. മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ സമാന രീതിയിൽ കേന്ദ്രങ്ങൾ കണ്ടെത്തി അനുബന്ധ കാര്യങ്ങൾ നിർവഹിക്കണം.
- ഇൻവിജിലേറ്റർമാരായി നിയോഗിക്കേണ്ടത് തൊട്ടടുത്ത ഗ്രാമപഞ്ചായ ത്തിലെ ലോവർ പ്രൈമറി തലത്തിൽ നാലാം ക്ലാസ്സിൽ പഠിപ്പിക്കുന്ന അധ്യാപകരെ ആയിരിക്കണം.

## 5. ചോദ്യപേപ്പർ തയാറാക്കലും വിതരണവും

സി.എം.കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നഡ എന്നീ നാല് പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 6. പരീക്ഷാസമിതി

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് റവന്യൂ ജില്ലാതലത്തിലും ഉപജില്ലാതലത്തിലും പരീക്ഷാസമിതികൾ ഉണ്ടായിരിക്കണം. റവന്യൂ ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ (ചെയർമാൻ), ഡയറ്റ് പ്രിൻസിപ്പാൾ (കൺവീനർ), സമഗ്ര ശിക്ഷാ ഡി.പി.ഒ.(മെമ്പർ), ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (മെമ്പർ) എന്നിവരും ഉപജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ (കൺവീനർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ. സമഗ്ര ശിക്ഷാ കേരള (മെമ്പർ) എന്നിവരുമടങ്ങിയ സമിതി ഉണ്ടായിരിക്കും

- റവന്യൂ ജില്ലാതല സമിതിയിൽ അക്കാദമികപരമായ നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങളെ ഉൾപ്പെടുത്തിയായിരിക്കും.
- ഈ സമിതി ബഹുമാനപ്പെട്ട പരീക്ഷാകമ്മീഷണറുടേയും പരീക്ഷാ സെക്രട്ടറിയുടേയും നിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കണം.
- ഉപജില്ലാതലത്തിൽ പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം തുടങ്ങിയവ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ചുമതലയായിരിക്കും.
- കൂടാതെ അക്കാദമിക് വിഷയങ്ങൾ എസ്.സി.ഇ.ആർ.ടി യുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഡയറ്റിന്റെ പിന്തുണ പാലിച്ചുകൊണ്ടാ യിരിക്കണം നടത്തേണ്ടത്.

## 7. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം.

- പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമിക്കേണ്ടതാണ്. പ്രൈമറി അദ്ധ്യാപകരെയും ഹൈസ്കൂളുകളുടെ ഭാഗമായ പ്രൈമറിയിലെ അധ്യാപകരിൽ ഇൻവിജിലേറ്ററാകാൻ താൽപ്പര്യമുള്ളവരേയും ഇൻവിജിലേറ്റർമാരായി പരിഗണിക്കേണ്ടതാണ്.
- നിയമനം നൽകുമ്പോൾ പഞ്ചായത്ത്/വാർഡ് മാറ്റി നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക ചീഫ് സൂപ്രണ്ട് ആയിരിക്കും.

➢ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ അടുത്തുള്ള ഗ്രാമ പഞ്ചായത്തുകളിൽ/നഗരപ്രദേശത്തെ വിദ്യാലയങ്ങളിലെ അധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.

➢ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ബന്ധുക്കൾ ആരും തന്നെ ഇൻവിജി ലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നില്ല എന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരു ത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാകേന്ദ്രത്തിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ ആരംഭിക്കുന്നതിന് മുമ്പു തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്നും ചീഫ് സൂപ്രണ്ട് ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്.

## 8. മൂല്യനിർണയം

- പേപ്പർ (I) ന്റെ ബുക്ക്ലെറ്റുകൾ രജിസ്റ്റർ നമ്പർ അനുസരിച്ച് പ്രത്യേകം കവറിൽ വയ്ക്കണം. പേപ്പർ (II) ന്റെ ബുക്ക്ലെറ്റ് പ്രത്യേകം വയ്ക്കണം. പേപ്പർ (I) ഉം പേപ്പർ (II) ഉം കേടുപാടുകൂടാതെ കവറിലാക്കി സീൽ വച്ച് സെന്ററിൽ നിന്ന് അന്നു തന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്. പരീക്ഷാഭവൻ ഇതിനനുസരിച്ച് മൂല്യനിർണ്ണയം നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
- മൂല്യനിർണയപ്രവർത്തനങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അടിസ്ഥാനത്തിൽ ഉപജില്ല മാറ്റി നൽകേണ്ടതാണ്. ഒരു ഉപജില്ലയിലെ ഉത്തരപേപ്പറുകൾ തൊട്ടടുത്ത മറ്റൊരു ഉപജില്ലയിൽ മൂല്യനിർണയം നടത്തത്തക്ക വിധത്തിലുള്ള ക്രമീകരണം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തേണ്ടതാണ്. ഏതു ഉപജില്ലയിലാണോ മൂല്യനിർണയം നടത്താൻ നൽകുന്നത് പ്രസ്തുത ഉപജില്ലയിലെ അധ്യാപകരെ മൂല്യനിർണയത്തിന് നിയോഗിക്കേണ്ടതാണ്. മൂല്യനിർണയം ഉപജില്ലാതല പരീക്ഷാസമിതിയുടെ ചുമതലയിൽ രഹസ്യ സ്വഭാവത്തോടെ നടത്തേണ്ടതാണ്.
- മൂല്യ നിർണയകേന്ദ്രത്തിലെ പ്രഥമാധ്യാപകൻ/പ്രഥമാധ്യാപികയെ ക്യാമ്പ് ഓഫീസറായി നിയമിക്കണം. എക്സാമിനർമാരിൽ സീനിയറായ അദ്ധ്യാപ കനെ ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറായി നിയമിക്കണം.
- 10 അസിസ്റ്റന്റ് എക്സാമിനർമാർക്ക് ഒരു ചീഫ് എക്സാമിനർ എന്ന ക്രമത്തിൽ ഉണ്ടായിരിക്കണം. അസിസ്റ്റന്റ് എക്സാമിനർമാർ ഒരു ദിവസം 20 പേപ്പർ (പേപ്പർ-I/പേപ്പർ-II) മൂല്യ നിർണയം നടത്തണം. അസിസ്റ്റന്റ് എക്സാമിനർമാർ വിലയിരുത്തുന്ന ഉത്തരക്കടലാസുകളുടെ 5% ഉത്തരക്കടലാസുകൾ ചീഫ് എക്സാമിനർ പരിശോധിക്കണം. ചീഫ് എക്സാമിനർ പരിശോധിച്ച പേപ്പറുക ളിൽ അക്കാര്യം എഴുതി ഇനീഷ്യൽ രേഖപ്പെടുത്തണം.
- പരിശോധിക്കുന്ന ഉത്തരക്കടലാസുകളുടെ സ്കോർഷീറ്റ്, എസ്.എസ്.എൽ.സി മൂല്യ നിർണയ ക്യാമ്പിൽ ചെയ്യുന്നതുപോലെ അതതു മുറിയിൽ വച്ച് അസിസ്റ്റന്റ് എക്സാമിനർ തന്നെ തയാറാക്കണം. ഇത് പരിശോധിച്ച് ചീഫ് എക്സാമിനർ ഏറ്റുവാങ്ങി ക്യാമ്പ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. സ്കോർ ഷീറ്റ് അസിസ്റ്റന്റ് എക്സാമിനർ ഒപ്പിടുകയും ചീഫ് എക്സാമിനർ ശരിയാണെന്ന് ഉറപ്പുവരുത്തി ഒപ്പിടുകയും വേണം. സ്കോർ ഷീറ്റിന്റെ മാതൃക പരീക്ഷാ ഭവനിൽ നിന്നും നൽകുന്നതാണ്.

## 9. ഡാറ്റാ എൻട്രി

ഉപജില്ലാ തലത്തിൽ വിലയിരുത്തൽ നടത്തുന്നതിനാൽ സ്കോറുകളുടെ ഡാറ്റാ എൻട്രി മൂല്യനിർണ്ണയ കേന്ദ്രത്തിൽ തന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഡാറ്റാ എൻട്രി നടത്തുന്നതിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സഹായം സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന കുട്ടികളുടെ സ്കോറുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത് രഹസ്യമായി നടക്കുന്നുവെന്ന് പരീക്ഷാസമിതി ഉറപ്പു വരുത്തണം. സ്കോറുകൾ അപ്‌ലോഡ് ചെയ്യുന്നതിനു മുൻപ് പരിശോധിച്ച് സ്കോറുകൾ ശരിയാണെന്ന് ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർ ഉറപ്പു വരുത്തണം. ആയതിന് ശേഷം സ്കോർഷീറ്റുകൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് കൈമാറേണ്ടതാണ്. തുടർന്ന് പരീക്ഷാഭവൻ പ്രതിനിധികൾ സ്കോർഷീറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്നതാണ്.

## 10. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യത

സൂചന (3) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്കോളർഷിപ്പിന് അർഹത നേടാൻ ലഭിയ്ക്കേണ്ട സ്കോർ മൂല്യനിർണ്ണയത്തിന് ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിലുള്ള പരീക്ഷാ ബോർഡ് നിശ്ചയിക്കുന്നതാണ്.

## 11. ഫലപ്രഖ്യാപനം.

മൂല്യനിർണ്ണയത്തിന് ശേഷം ഉപജില്ലകളിൽ നിന്നു ലഭിക്കുന്ന സ്കോർ പരിശോധിച്ച് ഉപജില്ല തിരിച്ച് പരീക്ഷാ ഭവൻ ഫലപ്രഖ്യാപനം നടത്തുന്നതാണ്.

## 12. പുനർമൂല്യനിർണ്ണയം

സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ താൽപര്യമുള്ള പരീക്ഷാർത്ഥികൾ പരീക്ഷാഫലം പ്രഖ്യാപിച്ച് 7 ദിവസ ത്തിനകം ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന പ്രിന്റൗട്ടും പേപ്പർ ഒന്നിന് 100 രൂപ നിരക്കിൽ ഫീസും സഹിതം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുനർമൂല്യനിർണയ ഫലത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തുക മടക്കി നൽകേണ്ടതും ബാക്കി തുക പരീക്ഷാ സെക്രട്ടറി യുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് **സൂപ്രണ്ട് എ സെക്ഷൻ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം** - 12 എന്ന വിലാസത്തിൽ അയച്ചുനൽകേണ്ടതുമാണ്. പേപ്പർ I നും പേപ്പർ II നും ഒരുമിച്ചോ പ്രത്യേകമായോ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) ***പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് പരീക്ഷാർത്ഥികൾക്കോ ബന്ധപ്പെട്ടവർക്കോ നൽകുന്നതല്ല.***

## 13. സർട്ടിഫിക്കറ്റ്, സ്കോളർഷിപ്പ് തുക എന്നിവയുടെ വിതരണം.

സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ നിന്നും സ്കൂൾ പ്രഥമാധ്യാപകരുടെ ലോഗിൻ മുഖേന വിതരണം ചെയ്യുന്നതാണ്. സ്കോളർഷിപ്പ് തുക അടുത്ത അധ്യയനവർഷം മുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെല്ലിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

## 14. പൊതുനിർദ്ദേശങ്ങൾ

- പരീക്ഷയുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ഡയറ്റ് മുഖേന പ്രധാനാധ്യാപകർക്കും നാലാം ക്ലാസ്സ് അധ്യാപകർക്കും പരിശീലനം നൽകണം.
- പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങിയവ പരീക്ഷാഭവൻ തയാറാക്കി നൽകുന്നതാണ്.
- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകണം.
- പരീക്ഷയുടെ ദിവസവും മൂല്യനിർണയം നടത്തുന്ന ദിവസവും അതതു കേന്ദ്ര ങ്ങളിൽ പരീക്ഷാസമിതിയുടെ സാന്നിധ്യം ഉറപ്പാക്കണം.
- ജില്ലാതല പരീക്ഷാ സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങളും നടത്തേണ്ടത്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

## അനുബന്ധം

## സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ - ഘടന

| നമ്പർ | പേപ്പർ | സമയം | വിഷയ വിശദാംശങ്ങൾ | ചോദ്യങ്ങളുടെ എണ്ണം | സ്കോർ വിശദാംശങ്ങൾ | സ്കോർ |
|---|---|---|---|---|---|---|
| 1 | പേപ്പർ I | 2 മണിക്കൂർ | ഒന്നാം ഭാഷ മലയാളം/തമിഴ്/കന്നഡ | 10 | 10x1=10 | 10 |
| | | | ഇംഗ്ലീഷ് | 10 | 10x1=10 | 10 |
| | | | ഗണിതം | 10 | 10x1=10 | 10 |
| | | | പരിസര പഠനം | 10 | 10x1=10 | 10 |
| | | | പൊതുവിജ്ഞാനം | 10 | 10x1=10 | 10 |
| | | | ആകെ | 50 | 50x1=50 | 50 |
| 2. | പേപ്പർ II | 2 മണിക്കൂർ | ഒന്നാം ഭാഷ മലയാളം/തമിഴ്/കന്നഡ | 2 | 2x5=10 | 10 |
| | | | ഇംഗ്ലീഷ് | 1 | 1x5=5 | 5 |
| | | | ഗണിതം | 2 | 2x5=10 | 10 |
| | | | പരിസര പഠനം | 1 | 1x5=5 | 5 |
| | | | ആകെ | 6 | 6x5=30 | 30 |

## സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയുടെ പ്രവർത്തന കലണ്ടർ

| ക്രമ. നം. | പ്രവർത്തനങ്ങൾ | തീയതി |
|---|---|---|
| 1. | പരീക്ഷാഭവനിൽ നിന്നും വെബ്സൈറ്റ് ആക്ടീവ് ആക്കുന്ന തീയതി | 23/12/2025 |
| 2. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വെബ്സൈറ്റ് സജ്ജമാക്കേണ്ട അവസാന തീയതി | 27/12/2025 |
| 3. | സ്കൂൾ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | 30/12/2025 |
| 4. | രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട തീയതി | 15/01/2026 |
| 5. | പരീക്ഷാർത്ഥികളുടെ അന്തിമ പട്ടിക എ.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ട തീയതി | 17/01/2026 |
| 6. | പരീക്ഷാഭവനിൽ നിന്നും രജിസ്റ്റർ നമ്പരുകൾ അനുവദിക്കുന്ന തീയതി | 29/01/2026 |
| 7. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരീക്ഷാസെന്റർ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉള്ള പട്ടിക ഡൗൺലോഡ് ചെയ്ത് സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ട അവസാന തീയതി | 05/02/2026 |
| 8. | പ്രധാനാധ്യാപകൻ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തി സെന്റർ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങി അന്തിമമാക്കി പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട അവസാന തീയതി | 07/02/2026 |
| 9. | സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) സ്കോളർഷിപ്പ് പരീക്ഷയുടെ തീയതി | 26/02/2026 |

**പരീക്ഷാ കമ്മീഷണർ**

# പേപ്പർ I മാതൃകാചോദ്യങ്ങൾ

<u>മലയാളം</u>

1. 'അറിഞ്ഞിടുമ്പോളറിയാം നമ്മൾ
   ക്കറിയാനൊത്തിരി ബാക്കി'
   ഈ കവിതാശകലത്തിന്റെ അർഥമായി വരുന്നത് ഏത്?

   i. അറിവ് നേടുമ്പോഴാണ് ഇനിയും ധാരാളം അറിവ് നേടാനുണ്ട് എന്ന് തിരിച്ചറിയുന്നത്.
   ii. ഓരോ പുതിയ അറിവും മറ്റൊരു അറിവിലേയ്ക്ക് നയിക്കുന്നു.
   iii. ഒരു വിഷയത്തെക്കുറിച്ച് പഠിക്കുമ്പോഴാണ് ഇനി അല്പം കൂടി മാത്രമേ പഠിക്കാനുള്ളൂ എന്ന് അറിയുന്നത്.

   A. i & ii ശരിയാണ് ☐
   B. ii & iii ശരിയാണ് ☐
   C. i & iii ശരിയാണ് ☐
   D. i, ii & iii ശരിയാണ് ☐

2. ഒരേ രീതിയിൽ പിരിച്ചെഴുതിയിരിക്കുന്ന കൂട്ടം ഏതാണ്?

   **A.** ചക്കപ്പഴം ☐
   വന്നിരുന്നു
   ഓടിച്ചാടി

   **B.** ചക്കപ്പഴം ☐
   അക്കരപ്പച്ച
   ഓടിച്ചാടി

   **C.** ചക്കപ്പഴം ☐
   ഓടിച്ചാടി
   നീളത്തിലോടി

   **D.** വന്നിരുന്നു ☐
   ഓടിച്ചാടി
   ബ്രേക്കില്ല

3. ഒരു കാട്ടിൽ ഒരു വികൃതിക്കുരങ്ങനുണ്ടായിരുന്നു. മറ്റു ജീവികളെ ഉപദ്രവിക്കുന്നതാണ് അവന്റെ വിനോദം. ഒരു ദിവസം കുരങ്ങൻ ഒരാനയെ കല്ലെടുത്തെറിഞ്ഞിട്ട് ഒറ്റച്ചാട്ടത്തിന് അടുത്തുകണ്ട മരത്തിൽ കയറി. ദേഷ്യം വന്ന ആന മരം പിടിച്ചു കുലുക്കി. കുരങ്ങൻ പിടിവിട്ടു താഴെ വീണു. ഒപ്പം മരത്തിലുണ്ടായിരുന്ന തേനീച്ചക്കൂട്ടും. കൂടിളകിയ തേനീച്ചകൾ കൂട്ടത്തോടെ കുരങ്ങനെ കുത്തി.

   കഥയിലെ കുരങ്ങന്റെ പ്രവൃത്തിയെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് ഏതായിരിക്കും?

   **A.** പാത്രമറിഞ്ഞ് വിളമ്പണം ☐

B. ആനക്കാര്യത്തിനിടയ്ക്ക് ചേനക്കാര്യം ☐

C. പന്തിക്ക് മുന്നിൽ പടയ്ക്ക് പിന്നിൽ ☐

D. കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യു . ☐

4. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം/വാക്യങ്ങൾ ഏത്?

i. നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഇക്കാര്യം ഞാൻ ആവർത്തിക്കാം.

ii. നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഇക്കാര്യം ഞാൻ വീണ്ടും ആവർത്തിക്കാം.

iii. നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഈ കാര്യം ഞാൻ ആവർത്തിക്കാം.

A. i ഉം ii ഉം ശരിയാണ് ☐

B. i ഉം iii ഉം ശരിയാണ് ☐

C. i ഉം ii ഉം iii ഉം ശരിയാണ് ☐

D. i മാത്രം ശരിയാണ് ☐

5. ഓട്ടമത്സരത്തിൽ ഒന്നാമതെത്തിയ കുട്ടി തനിക്ക് ഏറ്റവും പ്രിയപ്പെട്ട അധ്യാപികയുടെ അരികിലെത്തി. അധ്യാപിക സ്നേഹത്തോടെ കുട്ടിയെ ചേർത്തുപിടിച്ച് പറഞ്ഞു. ഭാവിയിൽ അറിയപ്പെടുന്ന കായിക താരമാകും. അധ്യാപികയുടെ ഈ വാക്കുകൾ...

തുടർന്ന് വരാൻ സാധ്യതയുള്ള വരികൾ ഏതാണ്?

i. കുട്ടിയുടെ മനസിൽ ഒരു കുളിർമഴയായി

ii. കുട്ടിയുടെ മനസിൽ ഒരു ക്ഷുരമ്പായി തറച്ചു

iii. പ്രതീക്ഷയുടെ പൊൻവെളിച്ചം പടർത്തി

A. i ഉം ii ഉം ☐

B. ii ഉം iii ഉം ☐

C. i ഉം iii ഉം ☐

D. i ഉം ii ഉം iii ഉം ശരിയാണ് ☐

6. 'ഒളിമ്പിക്സ് പരിശീലനം' എന്ന കഥയിലെ ദിയയും 'കാട്ടിലെ കായികോത്സവം' എന്ന കഥയിലെ കുഞ്ഞരിപ്രാവും പുതിയ കളികൾ തുടങ്ങാൻ തീരുമാനിച്ചു. ഇരുവരെയും ഇതിന് പ്രേരിപ്പിച്ച പൊതുവായ ഘടകം എന്താണ് ?

A. മുതിർന്നവരോടുള്ള ബഹുമാനം. ☐

B. മത്സരത്തിൽ ജയിച്ച് മെഡൽ നേടാനുള്ള ആഗ്രഹം. ☐

C. പഴയ കളികളോടുള്ള ഇഷ്ടക്കേട്. ☐

D. അവർ മറ്റൊരിടത്ത് കണ്ട കളികളിൽ നിന്നുള്ള പ്രചോദനം. ☐

7. "കാട്ടിലെ കായികോത്സവം" എന്ന കഥയിൽ, മൃഗങ്ങൾ 'കളികളിൽ മുഴുകുമ്പോൾ വിശപ്പും വിഷമങ്ങളും മറക്കുന്നതായി അവർ തിരിച്ചറിഞ്ഞു'. 'ഒളിമ്പിക്സ് പരിശീലനം' എന്ന കഥയിൽ, ആദ്യം മടിച്ചെങ്കിലും അമ്മമ്മയും ദിയയുടെ കൂടെ കളികളിൽ പങ്കെടുത്തു. ഈ രണ്ട് കഥകളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന പ്രധാന ആശയം എന്താണ് ?

A. പ്രായമായവർ കളിക്കുമ്പോൾ അവർക്ക് അപകടം പറ്റാൻ സാധ്യതയുണ്ട്. ☐

B. കളി, പ്രായഭേദമന്യേ എല്ലാവർക്കും സന്തോഷം നൽകുകയും വിഷമങ്ങൾ മറക്കാൻ സഹായിക്കുകയും ചെയ്യും. ☐

C. കളിക്കാൻ താല്പര്യമില്ലാത്തവരെ നിർബന്ധിക്കരുത്. ☐

D. കുട്ടികൾ മുതിർന്നവരെക്കാൾ നന്നായി കളിക്കും. ☐

## English

1. Two friends were playing with letter cards. First one arranged six letter cards and made a word. The second one also arranged six letter cards and made another word. The second word is used for describing 'the sound made by something falling into liquid'. Which are the words?
   - **A.** Puddle, splash ☐
   - **B.** Ripple, crutch ☐
   - **C.** Stream, asylum ☐
   - **D.** Shower, aspire ☐
2. Roni, the cat was walking through the lane. Suddenly a thorn pierced into its paw. The cat cried bitterly. Here 'The cat cried bitterly' means.
   - **A.** The cat was in a bad mood. ☐
   - **B.** The cat wept with pain. ☐
   - **C.** The cat wept softly. ☐
   - **D.** The cat wept with hunger and tiredness. ☐

**Read the poem and answer the questions that follow.**

*I am a book.*
*Eagerly waiting for you, open me, please.*
*Curiously waiting for you, call me, please.*
*I am a book.*
*Peacefully waiting for you, take me, please.*
*To far away places.*

3. Who is waiting for our call?
   - **A.** a story ☐
   - **B.** a picture ☐
   - **C.** a book ☐
   - **D.** a place ☐
4. The opposite word of 'curious' is given below. Which one is correct?
   - i. Indifferent
   - ii. Insufficient
   - iii. Incurious

iv. Independent

A. i & ii ☐

B. i & iii ☐

C. i & iv ☐

D. ii & iii ☐

**Read the passage and answer the following questions.**

One sunny afternoon. Kelly was playing with her brother in the backyard. Suddenly, she saw smoke coming from her neighbour's house. She quickly ran to her mother. She said, "There's a fire". Suddenly, Kelly called the Firemen.

Eventhough she was scared, she held her brother's hand. She said. "We must stay strong". The firemen came and put out the fire quickly.

5. Kelly is a brave girl. What do you mean by the word, 'brave'?

   A. Run away from danger. ☐

   B. Feeling afraid ☐

   C. Facing problems and doing the right thing. ☐

   D. Stay away during emergency. ☐

6. Select the correct sequence of the events.

   A. Neighbours saw the smoke – Kelly and her brother played – The firemen came. ☐

   B. Kelly saw the smoke – Kelly and her brother played – The firemen came ☐

   C. Kelly saw the smoke – Kelly called the firemen - The firemen came ☐

   D. Fireman came first – Kelly explained everything – Kelly called the firemen ☐

7. **Statement** : Kelly told her brother: "We must stay strong"

   **Reason** : She wanted to stop the fire.

   A. Both are true. And the reason is the correct explanation of the statement. ☐

   B. Both are true, But the reason is not the correct explanation of the statement. ☐

   C. Statement is true; Reason is true. ☐

   D. Statement is false; Reason is true. ☐

8. The phrase 'put out' means

   A. to make the fire bigger ☐

   B. to stop the fire ☐

   C. to play near the fire ☐

**D.** to run away from the fire ☐

# ഗണിതം

**1.** 5 ആയിരവും 34 നൂറും 28 പത്തും 225 ഒന്നും ചേർന്ന സംഖ്യയെ സ്ഥാനവിലക്കനുസരിച്ച് എഴുതിയത് ഏതാണ്?

A. 8 ആയിരം 9 നൂറ് 2 പത്ത് 5 ഒന്ന് ☐

B. 9 ആയിരം 8 നൂറ് 5 ഒന്ന് ☐

C. 8 ആയിരം 9 നൂറ് 5 പത്ത് ☐

D. 8 ആയിരം 9 നൂറ് 5 ഒന്ന് ☐

**2.** ശ്രീയേഷ് 210 രൂപയ്ക്ക് 21 പേന വാങ്ങി. രൂപേഷ് മറ്റൊരുതരം പേന ഒന്നിന് 12 രൂപവച്ച് വാങ്ങി. താഴെ കൊടുത്തവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

i. ശ്രീയേഷ് വാങ്ങിയ പേനക്കാണ് വില കൂടുതൽ

ii. രൂപേഷ് വാങ്ങിയ പേനക്കാണ് വില കൂടുതൽ

iii. അവർ വാങ്ങിയ ഒരു പേനയുടെ വിലവ്യത്യാസം 2 രൂപ ആണ്

iv. അവർ വാങ്ങിയ ഒരു പേനയുടെ വിലവ്യത്യാസം 9 രൂപയാണ്

**A.** i ഉം iii ഉം ☐

**B.** i ഉം iv ഉം ☐

**C.** ii ഉം iii ഉം ☐

**D.** ii ഉം iv ഉം ☐

## പരിസരപഠനം

1. താഴെ പറയുന്നവയിൽ വായുമലിനീകരണം കുറയ്ക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ

   i. വൈദ്യുത വാഹനങ്ങൾ ഉപയോഗിക്കുന്നു.

   ii. ഡീസൽ വാഹനങ്ങൾ ഉപയോഗിക്കുന്നു.

   iii. വിളകളുടെ അവശിഷ്ടങ്ങൾ കൃഷിയിടത്തിൽ കൂട്ടിയിട്ട് കത്തിക്കുന്നു.

   iv. ജൈവ അവശിഷ്ടങ്ങൾ കമ്പോസ്റ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു.

   A. ഒന്നും രണ്ടും ശരിയാണ് ☐

   B. രണ്ടും മൂന്നും ശരിയാണ് ☐

   C. രണ്ടും നാലും ശരിയാണ് ☐

   D. ഒന്നും നാലും ശരിയാണ് ☐

2. താഴെ പറയുന്ന സംഭവങ്ങൾ നടന്ന വർഷത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക.

   i. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു

   ii. ഉപ്പ് സത്യാഗ്രഹം

   iii. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു.

   iv. ക്വിറ്റ് ഇന്ത്യാസമരം

   A. i, iii, iv, ii ☐

   B. ii, i, ii, i, iv ☐

   C. ii, iv, iii, i ☐

   D. i, iv, ii, iii ☐

3. സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനവും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നവയിൽ ശരിയായ ജോഡികൾ ഏവ?

   i. രാജസ്ഥാൻ – ജയ്പ്പൂർ

   ii. നാഗാലാന്റ് - ഇറ്റാനഗർ

   iii. മണിപ്പൂർ – ഇംഫാൽ

   iv. ആന്ധ്രാപ്രദേശ് – ഹൈദ്രാബാദ്

   A. i, ii ☐

   B. i, iii ☐

   C. iii, iv ☐

   D. i, iv ☐

## പൊതുവിജ്ഞാനം

1. 2025-ൽ തിരുവനന്തപുരത്ത് നടന്ന 67-മത് സംസ്ഥാന സ്കൂൾ ഒളിമ്പിക്സുമായി (കായികമേള) ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:

   i. ഒളിമ്പിക്സ് മാതൃകയിൽ കേരളത്തിൽ നടക്കുന്ന ആദ്യത്തെ സംസ്ഥാന സ്കൂൾ കായിക മേളയാണിത്.

   ii. 'തങ്കു' എന്ന മുയലാണ് ഈ വർഷത്തെ മേളയുടെ ഔദ്യോഗിക ഭാഗ്യചിഹ്നം, ക്രിക്കറ്റ് താരം സഞ്ജുസാംസൺ ബ്രാൻഡ് അംബാസഡറുമാണ്.

   iii. ഈ വർഷം ആദ്യമായി, ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും ഈ കായിക മേളയിൽ പങ്കെടുക്കുന്നുണ്ട്.

   ഈ പ്രസ്താവനകളിൽ ഏതൊക്കെയാണ് ശരിയായവ ?

   A. i മാത്രം ശരി ☐
   B. ii മാത്രം ശരി ☐
   C. ii, iii ശരി ☐
   D. i, ii, iii എന്നിവയെല്ലാം ശരിയാണ് ☐

2. താഴെ പറയുന്നവ ശ്രദ്ധിച്ച് വായിക്കുക:

   **പ്രസ്താവന (A):** കുയിൽ സ്വന്തമായി കൂടുണ്ടാക്കാറില്ല.

   **കാരണം (R):** കുയിലുകൾ സാധാരണയായി കാക്കയുടെ കൂട്ടിലാണ് മുട്ടയിടുന്നത്.

   ഇനി, താഴെ നൽകിയിരിക്കുന്ന ഓപ്ഷനുകളിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

   A. പ്രസ്താവനയും (A) കാരണവും (R) ശരിയാണ്. കാരണം (R) പ്രസ്താവനയുടെ (A) ശരിയായ വിശദീകരണമാണ്. ☐
   B. പ്രസ്താവനയും (A) കാരണവും (R) ശരിയാണ്, എന്നാൽ കാരണം (R) പ്രസ്താവനയുടെ (A) ശരിയായ വിശദീകരണമല്ല. ☐
   C. പ്രസ്താവന (A) ശരിയാണ്, എന്നാൽ കാരണം (R) തെറ്റാണ്. ☐
   D. പ്രസ്താവന (A) തെറ്റാണ്, എന്നാൽ കാരണം (R) ശരിയാണ്. ☐

3. താഴെപ്പറയുന്ന ജോടികളിൽ പക്ഷിയുമായി ബന്ധപ്പെട്ട ശാസ്ത്രശാഖ വരുന്ന ജോടി ഏത് ?

   A. ഓർണിത്തോളജി, പെഡോളജി ☐
   B. സെലനോളജി, പെഡോളജി ☐
   C. ഓർണിത്തോളജി, കാലിയോളജി ☐
   D. കാലിയോളജി, ഹൈഡ്രോളജി ☐

4. ദാദാസാഹേബ് ഫാൽക്കെ അവാർഡ് നേടിയിട്ടുള്ള മലയാളികൾ ആരെല്ലാം ?

   A. മോഹൻലാൽ, ഭരത്ഗോപി ☐
   B. മോഹൻലാൽ, അടൂർ ഗോപാലകൃഷ്ണൻ ☐
   C. മോഹൻലാൽ, മങ്കൊമ്പ് ഗോപാലകൃഷ്ണൻ ☐
   D. മോഹൻലാൽ, മുരളി ☐

# പേപ്പർ II മാതൃകാചോദ്യങ്ങൾ

## മലയാളം

### 1. ഡയറി

ഉച്ചഭക്ഷണം കഴിച്ചതിനുശേഷം അനു പാത്രം കഴുകാൻ പോയി. ഭക്ഷണാവശിഷ്ടം ഇടുന്ന പാത്രം നിറഞ്ഞു കളയാറായി ഇത്രയും ഭക്ഷണം വെറുതെ കളയുന്നത് നല്ല ശീലമല്ല. രാവിലെ പത്രത്തിൽ കണ്ട ചിത്രത്തിലെ പെൺകുട്ടിയുടെ ദയനീയ അവസ്ഥ അനു ഓർത്തു ആഹാരം കിട്ടാതെ മെലിഞ്ഞുണങ്ങിയ എല്ലും തോലുമായ ഒരു കുട്ടി. "യുദ്ധം അത്ര നല്ലതല്ല" അനു പിറുപിറുത്തു യുദ്ധത്തിന്റെ ഫലമായും മറ്റു കാരണങ്ങളാലും പട്ടിണി കൂടി വരുന്നുണ്ട്. ഭക്ഷണം പാഴാക്കുന്നത് വലിയ തെറ്റാണ്. പാത്രം കഴുകി അനു ക്ലാസിലേക്ക് നടന്നു.
വൈകുന്നേരം അനു ഈ കാര്യങ്ങൾ ഡയറിയിൽ എഴുതി.
അനുവിന്റെ ഡയറി എങ്ങനെയായിരിക്കും? എഴുതു...

**2. പത്രവാർത്ത തയ്യാറാക്കൽ**

**നോട്ടീസ്**

**ഗവ. എൽ.പി.എസ്. മലയാളപുരം**

പ്രിയരേ...

നമ്മുടെ നാടിന്റെ അഭിമാനമായ മലയാളപുരം ഗവ.എൽ.പി. സ്കൂളിന്റെ 100-ാം വാർഷികം വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. 20.12.2025 ശനിയാഴ്ച രാവിലെ 10.00 മണിക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടുന്ന പൊതുയോഗം ബഹുമാനപ്പെട്ട എം.എൽ.എ ഉദ്ഘാടനം ചെയ്യും. വിവിധ മേഖലകളിൽ നേട്ടം കൈവരിച്ച വിദ്യാർഥികളെ ആദരിക്കും. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരിക്കും. എല്ലാവരെയും സ്നേഹപൂർവം ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| പി.ടി.എ പ്രസിഡന്റ് | പ്രഥമാധ്യാപകൻ |
| എം.പി.ടി.എ. പ്രസിഡന്റ് | സ്കൂൾ ലീഡർ |

നോട്ടീസ് വായിച്ചുവല്ലോ? ഈ വിവരം പത്രത്തിൽ നൽകുന്നതിനുള്ള ഒരു വാർത്ത എഴുതൂ...

**English**

Nandu's school is planning to conduct a trip to Ernakulam.The class teacher came to the classroom and explained the details. "Children, the trip is on next Monday. Interested children should come to me. All of you should wear full uniform on that day". Nandu and his friends became happy to hear about the trip.

In the evening, Nandu told his father about the school trip.

What may be the likely conversation between Nandu and his father?

## ഗണിതം

1. ഒരു സ്കൂളിൽ നിന്ന് 50 കുട്ടികളും 5 അധ്യാപകരും കൂടി പഠനയാത്ര പോയി.
   a. പാർക്ക് സന്ദർശിക്കുന്നതിന് ഒരു കുട്ടിക്ക് 60 രൂപയും ഒരു അധ്യാപകന് 80 രൂപയുമാണ് ടിക്കറ്റിന്റെ വില. എല്ലാവർക്കും കൂടി ടിക്കറ്റെടുക്കാൻ എത്ര രൂപ വേണം?
   b. പ്രഭാതഭക്ഷണത്തിന് ഒരാൾക്ക് 55 രൂപയും ഉച്ചഭക്ഷണത്തിന് എല്ലാവർക്കും കൂടി 4350 രൂപയും ചെലവായി. പ്രഭാതഭക്ഷണത്തേക്കാൾ എത്ര രൂപ കൂടുതൽ ഉച്ചഭക്ഷണത്തിന് ചെലവായി ?
   c. കുട്ടികൾക്ക് നൽകുന്നതിനായി വൈകുന്നേരം 9 കിലോഗ്രാം മുന്തിരി വാങ്ങി. ആകെ 675 രൂപ കൊടുത്തു. ഒരു കിലോഗ്രാം മുന്തിരിയുടെ വില എത്ര ?

## പരിസരപഠനം

1. മത്സ്യങ്ങൾ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചിറകുകളും ചെകിളപ്പൂക്കളും ചലിപ്പിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടല്ലോ.
   A. എന്തിനായിരിക്കും മത്സ്യങ്ങൾ ഈ ഭാഗങ്ങൾ ചലിപ്പിക്കുന്നത്? മത്സ്യത്തിന് ജലത്തിൽ ജീവിക്കാൻ മറ്റെന്തെല്ലാം സവിശേഷതകൾ ഉണ്ട് ?
   B. മത്സ്യത്തിന് കരയിൽ ജീവിക്കണമെങ്കിൽ അതിന്റെ ശരീരഭാഗങ്ങൾക്കുണ്ടാകുന്ന നാല് പ്രധാന മാറ്റങ്ങൾ എന്തെല്ലാമായിരിക്കും ?
   C. മത്സ്യങ്ങളെ കൂടാതെ ജലത്തിൽ അതിജീവിക്കാൻ കഴിയുന്ന ഏതെങ്കിലും രണ്ട് ജീവികളും അവയെ ജലത്തിൽ ജീവിക്കാൻ സഹായിക്കുന്ന രണ്ട് പ്രധാന ശാരീരിക സവിശേഷതകളും എഴുതുക.

## Kannada

ಎಲ್ ಎಸ್ ಎಸ್ ಕನ್ನಡ ಮಾದರಿ ಪ್ರಶ್ನೆ ಪತ್ರಿಕೆ I

---

1. " ಹಸಿರೇ ಉಸಿರು ಎಂದು ನಂಬಿದವರು ನಾವು. ಇತ್ತೀಚೆಗೆ ಕೆಲವರು ನಮ್ಮ ಕಾಡಿಗೆ ಹೊಕ್ಕು ಮರವನ್ನು ಕಡಿಯುತ್ತಿದ್ದಾರೆ.ನಮ್ಮ ಪಕ್ಷಿ ಸಂಕುಲ ಸಂಕಷ್ಟದಲ್ಲಿದೆ.ಅವುಗಳಿಗೆ ಗೂಡು ಕಟ್ಟಲೂ ಸರಿಯಾದ ಗಟ್ಟಿ ಮರಗಳಿಲ್ಲ, ಕುಡಿಯುವ ನೀರಿನ ಕೊಳಗಳು ಹೂಳೆತ್ತದೆ ಕಲುಷಿತಗೊಂಡಿವೆ.ಎಲ್ಲಿಂದಲೋ ಬಂದ ಪ್ಲಾಸ್ಟಿಕ್ ಬಾಟಲಿಗಳು ಇನ್ನಿತರ ಕಸ ಕಡ್ಡಿಗಳು ನದಿಗಳನ್ನು ಹಾಳು ಮಾಡುತ್ತಿವೆ."
   ಈ ಮೇಲಿನ ಗದ್ಯ ಭಾಗವನ್ನು ಓದಿದಿರಲ್ಲವೇ. ಇದರ ಆಧಾರದಲ್ಲಿ ಕೆಳಗೆ ನೀಡಲಾದ ಹೇಳಿಕೆಗಳಲ್ಲಿ ಸರಿಯಾದವುಗಳನ್ನು ಗುರುತಿಸಿರಿ?
   a. ಕಾಡನ್ನು ಕಡಿದು ಸ್ವಚ್ಚ ಮಾಡುವುದರಿಂದ ಪ್ರಾಣಿಗಳಿಗೆ ವಾಸಿಸಲು ಹೆಚ್ಚು ಸೌಕರ್ಯವಾಗುತ್ತದೆ.
   b. ಕಾಡು ನಾಶವಾದರೆ ನಾಡು ನಾಶವಾದಂತೆಯೇ
   c. ಹೊಳೆಯು ಮಲಿನವಾಗುವುದು ಪ್ರಾಣಿಗಳಿಗೆ ಬದುಕಲು ಬಹಳ ಉತ್ತಮ
   d. ಪ್ಲಾಸ್ಟಿಕ್ ಮಾಲಿನ್ಯಗಳು ನಾಡಿನಂತೆಯೇ ಕಾಡನ್ನು ನಾಶ ಮಾಡುತ್ತವೆ.
      A a ಮತ್ತು b ☐
      B a ಮತ್ತು c ☐
      C a ಮತ್ತು d ☐
      D b ಮತ್ತು d ☐

2. ಕೆಳಗೆ ನೀಡಿರುವ ಪದಗಳಲ್ಲಿ ಎರಡು ಅರ್ಥಗಳ್ನು ಕೊಡದ ಪದ ಯಾವುದು?
   A ಮಾಡು ☐
   B ಆಡು ☐
   C ಕೋಡು ☐
   D ತೋಡು ☐

3. ಕೆಳಗಿನವುಗಳಲ್ಲಿ ಕಯ್ಯಾರ ಕಿಞ್ಞಣ್ಣ ರೈ ಬರೆದ ಕೃತಿ ಯಾವುದು?
   A ಐಕ್ಯಗಾನ ☐
   B ಕರಿಸಿದ್ಧ ☐
   C ಹೊನ್ನಿಯ ಮದುವೆ ☐
   D ನಾಕು ತಂತಿ ☐

4. ಮಾನವನು ಶ್ರಮ ಜೀವಿ. ತನ್ನ ಕೆಲಸಗಳನ್ನು ಮಾಡುತ್ತಾ ಕಷ್ಟ ಪಟ್ಟು ದುಡಿದು ಬದುಕುತ್ತಿದ್ದವನು ದಿನ ಕಳೆದಂತೆ ಸೋಮಾರಿಯಾಗುತ್ತಾ ಇದ್ದಾನೆ. ಇದು ಹೀಗೆ ಮುಂದುವರಿದರೆ ಮುಂದೇನಾಗಬಹುದು ಎಂದು ಯೋಚಿಸುವುದೂ ಕೂಡಾ ಕಷ್ಟ. ದುಡಿಮೆಯಿಂದ ಹಣ ಸಂಪಾದನೆ ಆಗುತ್ತದೆ. ಆ ಸಂಪಾದನೆಯು ಮಾನವನನ್ನು ಶ್ರೀಮಂತನನ್ನಾಗಿ ಮಾಡಬಹುದು. ಹಾಗೆಂದು ಸೋಮಾರಿಯಾದರೆ ಆದೀತೇ ? ಅದೂ ಸಾಧ್ಯವಿಲ್ಲ. ಕೂಡಿಟ್ಟ ಹಣ ಎಷ್ಟು ದಿನಕ್ಕೆ ಸಾಕಾಗಬಹುದು. ದಿನಕಳೆದಂತೆ ಅದು ಕರಗಿ ಹೋಗಬಹುದು. ಅದಕ್ಕಾಗಿ ನಾವು ನಿತ್ಯ ದುಡಿಯಬೇಕು.

ಮೇಲಿನ ಗದ್ಯ ಭಾಗವನ್ನು ಓದಿದಿರಲ್ಲವೇ ಈ ಗದ್ಯಭಾಗಕ್ಕೆ ಸರಿಯಾಗಿ ಹೊಂದಿಕೆಯಾಗುವ ಗಾದೆ ಮಾತು ಯಾವುದು?

A ಮಾಡಿದ್ದುಣ್ಣೋ ಮಹರಾಯ ☐

B ಕಾಯಕವೇ ಕೈಲಾಸ ☐

C ಕುಳಿತು ಉಣ್ಣುವವನಿಗೆ ಕುಡಿಕೆ ಹೊನ್ನು ಸಾಲದು ☐

D ಕೈ ಕೆಸರಾದರೆ ಬಾಯಿ ಮೊಸರು ☐

# ಎಲ್ ಎಸ್ ಎಸ್ ಕನ್ನಡ ಮಾದರಿ ಪ್ರಶ್ನೆ ಪತ್ರಿಕೆ II

ಕೆಳಗೆ ನೀಡಲಾದ ಪದ್ಯವನ್ನು ಓದಿರಿ

ಮೋಡ ಮುಸುಕಿತು ಕತ್ತಲಾಯಿತು
ನೋಡ ನೋಡುತೆ ಇರುಳು ಕವಿಯಿತು
ಗುಡುಗು ಗುಡುಗುತೆ ಸಿಡುಲು ಮೊಳಗಿತು ಜಗವು ತಲ್ಲಣಿಸೆ //
ಕಡೆಗೆ ಫಳ ಫಳ ಮಿಂಚು ಮಿನುಗಿತು
ಒಡಲಿನೊಳಗಡೆ ಭಯವ ತಂದಿತು
ನಾಡೊ ನಗರವೊ ಎಲ್ಲ ಕಡೆಯಲು ಭಾರಿ ಮಳೆಸುರಿಯೆ //
ಕಾಡ ನಡುಗಿಸಿ ಗಾಳಿ ಬೀಸಿತು
ಬಿಡದೆ ಮರವನು ಮುರಿದು ಹಾಕಿತು
ಕಡಲು ಮೊರೆಯುತೆ ತೆರೆಯು ಚಿಮ್ಮಿತು ಹಾಲ ನೊರೆಯಂತೆ //
ಪೊಡವಿ ಸಿರಿ ಹಸುರುಡೆಯ ತೊಡುತಲೆ
ತಡೆಯದಾಯಿತು ವಿರಹ ವೇದನೆ
ಒಡನೆ ಗರಿಗಳ ಬಿಡಿಸಿ ನವಿಲದು ನಾಟ್ಯವಾಡುತಲಿ //
ಹೊಳೆಯು ಹರಿಯಿತು ಭರದಿ ಸಾಗಿತು
ಸೆಳೆಯುತೆಲ್ಲವ ಕೊಂಡು ಹೋಯಿತು
ಬೆಳೆಯದೆಲ್ಲವು ನಾಶವಾಯಿತು ಬಯಲು ಬರಿದಾಯ್ತು //
ಕುಳಿರು ಗಾಳಿಗೆ ಮೈಯನೊಡ್ಡುತ
ತಳಿರ ಮೆಲ್ಲುತ ಹಾಡೆ ಕೋಗಿಲೆ
ಕೊರಳ ಗಾನವೊ ಭೂಮಿ ದೇವಿಗೆ ಸುಪ್ರಭಾತವದು //
ರವಿಯು ಬಂದನು ಮೋಡ ಸರಿಸುತ
ಕವಿದ ಕತ್ತಲೆಯನ್ನು ಕಳೆಯುತ
ಭುವಿಯ ಬಾಳಿಗೆ ಬೆಳಕ ನೀಡುತ ತೆರೆಗೆ ಸರಿಯುವನು //

1. ಮಳೆಗಾಲದಲ್ಲಿ ಭಯವನ್ನು ತರುವುದಕ್ಕೆ ಕಾರಣವಾದ ಅಂಶಗಳನ್ನು ಸೂಚಿಸಿದ ಕವನದ ಸಾಲುಗಳನ್ನು ಗುರುತಿಸಿರಿ ?
2. ಈ ಕವಿತೆಯ ಆಶಯವನ್ನು ಬರೆಯಿರಿ

## Tamil

1. கீழே கொடுக்கப்பட்டுள்ள பத்தியை வாசித்து சரியான கூற்றுகளை கண்டுபிடித்து எழுதுங்கள்.

இனியன் நான்காம் வகுப்பில் படிக்கிறான். அவன் பொய் பேசுவதில்லை. அனைவரிடமும் இனிமையாகப் பழகுவான். பிறருக்கு உதவும் தன்மையுடையவன். ஆசிரியர், பெரியவர்களை மதித்து நடப்பவன் வீட்டில் அம்மாவிற்கு உதவுவான். இத்தகைய குணங்கள் உடைய இனியனை எல்லோரும் விரும்புவர்.

i. பொய் பேசக்கூடாது.
ii. இனிமையாக பழகக் கூடாது.
iii. ஆசிரியர் பெரியவர்களை மதிக்க வேண்டும்.
iv. பிறர் செய்த உதவிகளை மறக்க வேண்டும்.

A. i உம் ii உம் சரி ☐
B. i உம் iii உம் சரி ☐
C. i உம் iv உம் சரி ☐
D. ii உம் iii உம் சரி ☐

2. சரியான அகர வரிசை எது?

A. சண்டை, சாவி, சிகரம், செவி, சேய் ☐
B. சேய், செவி, சிகரம், சாவி, சண்டை ☐
C. சண்டை, சிகரம், சாவி, செவி, சேய் ☐
D. சண்டை, சாவி, சிகரம், சேய், செவி ☐

3. ' காலம் முழுதும் எண்ணியும் கணக்கில் வராத அதிசயமே ' இப்பாடலில் கவிஞர் எதனைப் பற்றிக் கூறுகிறார்.

A. வானம் ☐
B. சூரியன் ☐
C. நட்சத்திரம் ☐
D. சந்திரன் ☐

4. கீழே கொடுக்கப்பட்டுள்ளவற்றில் சாலையை கடக்கும் போது கடைபிடிக்க வேண்டிய சரியான வழிமுறைகள் எது.

i. சாலையை வரிக்கடவை வழி கடக்க வேண்டும்.

ii. சாலையின் இடதுபக்கமாக நடக்க வேண்டும்.

iii. சாலையின் வலதுபக்கமாக நடக்க வேண்டும்.

iv. சாலையில் ஓடி செல்ல வேண்டும்.

A. i உம் ii உம் சரி ☐

B. ii உம் iii உம் சரி ☐

C. i உம் iii உம் சரி ☐

D. iii உம் ii உம் சரி ☐

5. பாடலை வாசித்து கீழ்காணும் வினாக்களுக்கு விடை எழுதுங்கள்.

பாட்டியின் வீட்டுப் பழம்பானை – அந்தப்
பானை ஒருபுறம் ஓட்டையடா!
ஓட்டை வழியொரு சுண்டெலியும் – அதன்
உள்ளே புகுந்து நெல் தின்றதடா

உள்ளே புகுந்து நெல் தின்று தின்று – வயிறு
ஊதிப் புடைத்துப் பருத்ததடா!
மெள்ள வெளியில் வருவதற்கும் – ஓட்டை
மெத்தச் சிறிதாகிப் போச்சுதடா!

பானையைக் காலைத் திறந்தவுடன் – அந்தப்
பாட்டியின் பக்கமாய் வந்த ஒரு
பூனை எலியினைக் கண்டதடா ! ஓடிப்
போய் அதைக் கௌவியே சென்றதடா!

கள்ள வழியினிற் செல்பவரை – எமன்
காலடி பற்றித் தொடர்வானடா!
உள்ளபடியே நடப்பவர்க்கு – தெய்வம்
உற்ற துணையாக நிற்குமடா!

1. " கள்ளவழியினிற் செல்பவரை – எமன்

காலடி பற்றித் தொடர்வானடா! "

இப்பாடல் வரிகள் கூறும் கருத்து என்ன?

2. கதைப் பாடலை கதையாக எழுதுங்கள்.